കെ.ജി.എസ്.ടി. ആക്ടിന്റെ ഭേദഗതിമൂലം എസ്.എസ്.ഐ. യൂണിറ്റുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

44 (3253) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 5(2)-ന് 1998-ൽ വരുത്തിയ ഭേദഗതി എന്തായിരുന്നു ;

(ബി) പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(സി) ഇളവുകൾ അനുവദിക്കപ്പെട്ട എസ്.എസ്.ഐ. യൂണിറ്റുകളും ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളും നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങുകയും തങ്ങളുടെ ബ്രാന്റ് നെയിം ഉപയോഗിച്ച് വിൽക്കുകയും ചെയ്യുന്ന കമ്പനികൾ നൽകേണ്ട വിൽപ്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.ടി. ആക്ടിലെ സെക്ഷൻ 5(2)-ൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടോ ;

(ഡി) ഇളവുകൾ അനുവദിക്കപ്പെട്ട യൂണിറ്റുകളിൽ നിന്നും വാങ്ങി രണ്ടാം വില്പന നടത്തുന്ന ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം രജിസ്ട്രേഷൻ ഉള്ള കമ്പനികളേയും രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികളേയും സംബന്ധിച്ച സെക്ഷൻ 5(2)-ന്റെ വിശകലനത്തിൽ എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ഇ) Trade and Merchandise Marks Act 1958 പ്രകാരം ട്രേഡ്മാർക്ക്/ ബ്രാന്റ് നെയിം ഹോൾഡർ എന്ന പദവിക്ക് അർഹത ഉള്ളവർ ആരാണ് ;

(എഫ്) പ്രസ്തുത പദ്ധതിയെക്കുറിച്ച് 2004-ലെ ഫൈനാൻസ് ആക്ട് പ്രകാരം പുറപ്പെടുവിച്ച വിശദീകരണം എന്തായിരുന്നു ;

(ജി) പ്രസ്തുത ആക്ടിന്റെ സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും നടപ്പാക്കലിലും ആശയക്കുഴപ്പം ഇല്ലായിരുന്നുവെങ്കിൽ ആറ് വർഷങ്ങൾക്കുശേഷം 2004-ലെ ഫിനാൻസ് ആക്ട് പ്രകാരം ഒരു വിശദീകരണം പുറപ്പെടുവിക്കുവാനുള്ള കാരണമെന്തായിരുന്നു എന്ന് പറയാമോ ;

(എച്ച്) ഏപ്രിൽ 1998-മേയ് 2000 കാലയളവിൽ ഏതെങ്കിലും യൂണിറ്റിന് ഏതെങ്കിലും ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ വിശദീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(ഐ) മേൽപ്പറഞ്ഞ കാലയളവിൽ സെക്ഷൻ 5(2) പ്രകാരം ടാക്സ് നൽകിയതിലെ കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ട് ഏതെങ്കിലും നികുതിദായകന് അറിയിപ്പ് വല്ലതും നൽകിയിട്ടുണ്ടോ ;

(ജെ) ഇക്കാര്യത്തിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പം കാരണം ഉണ്ടായ വീഴ്ചയ്ക്ക് നികുതിദായകരെ ശിക്ഷാർഹരാക്കുന്നത് ഉചിതമാണ് എന്ന് സർക്കാർ കരുതുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വകുപ്പ് 5(2) പ്രകാരം തേയില ഒഴികെയുള്ള ഏതൊരു ഉല്പന്നവും ഒരു ബ്രാന്റ് പേരിലോ, ട്രേഡ് മാർക്കിലോ വില്ക്കുകയാണെങ്കിൽ അത്തരം വില്പന സംസ്ഥാനത്തിനകത്തെ ആദ്യ വില്പനയായി കണക്കാക്കി ആയത് നികുതിയ്ക്ക് വിധേയമാക്കുകയെന്നതാണ് ഭേദഗതി.

(ബി) ബ്രാന്റ് പേരിലോ, ട്രേഡ് മാർക്ക് ഉപയോഗിച്ചോ, പായ്ക്കറ്റിലാക്കി വിൽക്കുന്ന സാധനങ്ങൾക്ക് ആദ്യഘട്ടത്തിനുശേഷം നികുതി ചുമത്തുക എന്നുള്ളതായിരുന്നു ഭേദഗതിയുടെ ഉദ്ദേശ്യം.

(സി) കേരള പൊതുവില്പന നികുതി നിയമം വകുപ്പ് 5(2) പ്രകാരം തേയില ഒഴികെയുള്ള ഉല്പന്നങ്ങൾ ഒരു ബ്രാന്റ് നെയിമിലോ, ട്രേഡ് മാർക്കിലോ വില്ക്കുകയാണെങ്കിൽ അത്തരം ബ്രാന്റ് നെയിം അഥവാ ട്രേഡ്മാർക്ക് കൈവശക്കാരൻ അയാൾ സംസ്ഥാനത്തിനകത്ത് നടത്തുന്ന വില്പന ആദ്യ വിൽപ്പനയായി കണക്കാക്കി നികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്. ബ്രാന്റ് നെയ്മിൽ വിൽക്കാൻവേണ്ടി വാങ്ങിയ ഉല്പന്നത്തിന്റെ ഉത്ഭവത്തെക്കുറിച്ച് വകുപ്പ് 5(2)-ൽ ഒന്നും തന്നെ പ്രതിപാദിക്കുന്നില്ല. നികുതി ഒഴിവുള്ള സ്ഥാപനങ്ങളിൽ നിന്നും ഉല്പന്നങ്ങൾ വാങ്ങി ബ്രാന്റ് പേരിൽ വിറ്റാൽ ആയതും വകുപ്പ് 5(2) അനുസരിച്ച് നികുതി വിധേയമാണ്.

(ഡി) വകുപ്പ് 5(2)-ൽ ഒന്നിൽ കൂടുതൽ പ്രാവശ്യം നികുതി ചുമത്താത്തതിനാൽ ആശയക്കുഴപ്പം ഒന്നും തന്നെയില്ല.

(ഇ) വില്പന നികുതി നിയമപ്രകാരം അത്തരം രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പുകൾ ഇവിടെ പ്രസക്തമല്ല.

(എഫ്) കേരള ധനകാര്യ ആക്ട് 2004 പ്രകാരം കേരള പൊതുവില്പന നികുതി നിയമത്തിന്റെ വകുപ്പ് 2(6എഎ)യിൽ ബ്രാന്റ് നെയിം എന്നതിന് ഒരു നിർവ്വചനം ഉൾപ്പെടുത്തുകയാണുണ്ടായത്. ഇതല്ലാതെ വിശദീകരണങ്ങൾ ഒന്നും തന്നെ ധനകാര്യ ആക്ട് 2004 മുഖേന പ്രാബല്യത്തിൽ കൊണ്ടുവന്നിട്ടില്ല.

(ജി) കേരള പൊതുവില്പന നികുതി നിയമത്തിലെ വകുപ്പ് 5(2)-ന്റെ വ്യാഖ്യാനത്തിലും നടപ്പാക്കലിലും യാതൊരു ആശയക്കുഴപ്പവും ഉണ്ടായിരുന്നില്ല. എന്നാൽ വകുപ്പ് 5(2) പ്രകാരം ബ്രാന്റ് നെയിം/ട്രേഡ്മാർക്ക് വില്പന നികുതി ഈടാക്കിയപ്പോൾ അതിനെതിരെ നിരവധി വ്യാപാരികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും പ്രസ്തുത വകുപ്പിന്റെ സാധുതയെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത കേസുകളിൽ ബഹു. ഹൈക്കോടതി വകുപ്പ് 5(2)-ന്റെ സാധുതയെ ശരിവയ്ക്കുകയും ബ്രാന്റ് നെയിം/ട്രേഡ്മാർക്ക് വില്പനകൾ രജിസ്ട്രേഷൻ കൂടാതെ തന്നെ നികുതി വിധേയമാണെന്ന് വിധിക്കുകയും ചെയ്തു. പ്രസ്തുത വിധികളുടെ അടിസ്ഥാനത്തിൽ വകുപ്പ് 5(2)-ന് കൂടുതൽ സുതാര്യത വരുത്തുന്നതിലേക്കാണ് 2004-ലെ ധനകാര്യ നിയമം മുഖേന ബ്രാന്റ് നെയിമിന് ഒരു നിർവചനം വകുപ്പ് 2(6എഎ) പ്രകാരം ഉൾക്കൊള്ളിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അറിവില്ല. അതിനാൽ പകർപ്പ് ലഭ്യമല്ല.

(ഐ) വകുപ്പ് 5(2) പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി നികുതി കുറച്ചു നൽകിയിട്ടുണ്ടെങ്കിൽ യഥാർത്ഥമായ നികുതി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്.

(ജെ) 1998-ലെ ധനകാര്യ നിയമം മുഖേന ചേർക്കപ്പെട്ട വകുപ്പ് 5(2) പ്രകാരം നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യതയെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. ആയതുകൊണ്ട് തന്നെ യഥാസമയം നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തേണ്ട കാര്യം വ്യാപാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതില്ല.

കെ.ജി.എസ്.റ്റി.ആക്ടിന്റെ സെക്ഷൻ 5 ഭേദഗതി

45 (3254) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5 ഭേദഗതി വരുത്തിയതിന് കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഇലക്ട്രോണിക്സ് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന എത്ര എസ്.എസ്.ഐ. യൂണിറ്റുകളെ ബാധിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഭേദഗതിയിൽ നിലനിന്നിരുന്ന ആശയക്കുഴപ്പംമൂലം പല സ്ഥാപനങ്ങളും 2002 മാർച്ച് വരെ വിൽപ്പന നികുതി ഈടാക്കിയിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തങ്ങൾ പിരിക്കാത്ത നികുതി, പലിശ, പിഴപലിശ സഹിതം ഇപ്പോൾ അടയ്ക്കേണ്ടിവരുന്നതിനാൽ പല സ്ഥാപനങ്ങളും പൂട്ടൽ ഭീഷണി നേരിടുന്നുണ്ടോ ;

(ഇ) ഇത്തരം സ്ഥാപനങ്ങളെ രക്ഷപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബ്രാന്റ് നെയിമിലോ ട്രേഡ് മാർക്ക് പേരിലോ വിൽക്കുന്ന ഉല്പന്നങ്ങളുടെ മേൽ നികുതി ചുമത്തുന്നതിലേക്കാണ് വകുപ്പ് 5-ൽ ഭേദഗതി വരുത്തിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഭേദഗതിയിൽ ആശയക്കുഴപ്പം ഒന്നും തന്നെ ഉണ്ടായിരുന്നില്ല. 2002 മാർച്ച് വരെ നികുതി ഈടാക്കാതിരുന്നതിന് കാരണം ആശയക്കുഴപ്പം അല്ല മറിച്ച് വകുപ്പ് 5(2)-ന്റെ നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ട് വ്യാപാരികൾ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജികളിന്മേൽ ലഭിച്ചിരുന്ന സ്റ്റേ ഉത്തരവുമൂലമാണ്.

LIBRARY ARCHIVES Kerala Legislative Assembly